"ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സിൽ നിന്ന് പുറത്തേക്ക് വമിക്കുന്ന ആസിഡ് ഫ്യൂംസ് മൂലം തദ്ദേശികൾക്ക് ആരോഗ്യ പ്രശ്നങ്ങൾ"

14 (3084) ശ്രീ. ജി. കാർത്തികേയൻ :
ഡോ. എം.എ. കുട്ടപ്പൻ :
ശ്രീ. എ.കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സിൽ നിന്ന് പുറത്തേയ്ക്ക് വമിക്കുന്ന പുകയിൽ അടങ്ങിയിട്ടുള്ള ആസിഡ് ഫ്യൂംസ് മൂലം തദ്ദേശികൾക്ക് എന്തെല്ലാം ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകുന്നുണ്ട്;

(ബി) പ്രസ്തുത ഫാക്ടറിയിൽ നിന്നുള്ള ആസിഡ് കലർന്ന ഗുരുമാലിന്യം കടലിൽ ഒഴുക്കി വിടുന്നതുമൂലം കടലിൽ കുളിക്കുന്നവർക്ക് എന്തെല്ലാം ആരോഗ്യ പ്രശ്നങ്ങൾ നേരിടുന്നുണ്ട്;

(സി) ഈ പ്രശ്നങ്ങൾ പരിഹരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് 1996-ൽ ടി.ടി.പി.യിൽ പുതിയ ആസിഡ് പ്ലാന്റ് സ്ഥാപിച്ചതു മൂലം വായുമലിനീകരണം ഏതാണ്ട് പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. ഈ പ്ലാന്റിൽ നിന്നും പുറത്തേയ്ക്കു വമിക്കുന്ന ആസിഡ് ഫ്യൂംസിന്റെ അളവ് പൊല്യൂഷൻ കൺട്രോൾ ബോർഡ് നിഷ്കർഷിക്കുന്ന പരിധിക്കും വളരെ താഴെയാണ്. ഇതുമൂലം തദ്ദേശികൾക്ക് ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇതുവരെ അത്തരത്തിലുള്ള പരാതികളൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ല.

(സി) ഉത്പാദന പ്രക്രിയയിലുണ്ടാകുന്ന പാഴ്ജലത്തെ മാലിന്യ വിമുക്തമാക്കുന്നതിന് ഒരു ന്യൂട്രലൈസേഷൻ പ്ലാന്റ് സ്ഥാപിക്കുവാൻ കമ്പനി നേരത്തെ ആലോചിച്ചിരുന്നു. കമ്പനിയുടെ നിർദ്ദേശങ്ങൾക്ക് ഗവൺമെന്റ് അംഗീകാരം നൽകുകയും ചെയ്തിരുന്നു. എന്നാൽ മാലിന്യ വിമുക്തമായി ടൈറ്റാനിയം ഡയോക്സൈഡ് ഉൽപ്പാദിപ്പിക്കുന്നതിനുള്ള ഒരു പുതിയ ടെക്നോളജി ഉപയോഗപ്പെടുത്തുന്നതിനെപ്പറ്റി കമ്പനി പഠിച്ചുവരികയാണ്.

ടി.ടി.പി.യിൽ ന്യൂട്രലൈസേഷൻ പ്ലാന്റിനുവേണ്ടി വാങ്ങിയ ഭൂമി

15 (3085) ശ്രീ. പി.പി. തങ്കച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് കമ്പനിയിൽ ന്യൂട്രലൈസേഷൻ പ്ലാന്റ് സ്ഥാപിക്കുന്നതിനുവേണ്ടി വാങ്ങിയ ഭൂമിയുടെ ആധാരപ്രകാരമുള്ള വിസ്തൃതി എത്ര;

(ബി) ഈ ഭൂമി മുഴുവൻ കമ്പനിക്ക് കൈവശം കിട്ടിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇല്ലാത്തപക്ഷം എത്ര ഭൂമിയാണ് ഇനിയും കൈവശം കിട്ടേണ്ടത്;

(ഡി) മുഴുവൻ വസ്തുവും കൈവശം കിട്ടാതിരിക്കാനുണ്ടായ കാരണമെന്ത്;

(ഇ) മുഴുവൻ വസ്തുവും കൈവശപ്പെടുത്തുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(എഫ്) ഈ സ്ഥലം വാങ്ങിയതിനെ സംബന്ധിച്ച് വിവിധ ട്രേഡ് യൂണിയനുകൾ ഉന്നയിച്ചിട്ടുള്ള ആക്ഷേപങ്ങളെക്കുറിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ;

(ജി) അന്വേഷണവിവരങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 5 ഏക്കർ 2 സെന്റ് 520 ച. ലിംഗ്സ്.

(ബി)-(ഇ) എൽ.എ.സി 7 പ്രകാരം 10.6.99-ൽ മേൽപ്പറഞ്ഞ സ്ഥലം കമ്പനി ഔദ്യോഗികമായി കൈവശത്തിൽ എടുത്തിട്ടുണ്ട്. എന്നാൽ സ്ഥലത്തിനു ചുറ്റും വേലികെട്ടുവാൻ തദ്ദേശവാസികളുടെ എതിർപ്പുകാരണം ഇതുവരെ കഴിഞ്ഞിട്ടില്ല. മേൽനടപടികൾ സ്വീകരിക്കുന്നതിനായി പോലീസിന്റെ സഹായം കമ്പനി അപേക്ഷിച്ചിട്ടുണ്ട്.

(എഫ്)&(ജി) മേൽപ്പറഞ്ഞ ഭൂമിയുടെ അക്വിസിഷനുമായി ബന്ധപ്പെട്ട് ചില ചോദ്യങ്ങളും വിശദീകരണങ്ങളും ടൈറ്റാനിയും പ്രോഡക്ട്സ് ലേബർ യൂണിയൻ അവരുടെ 16.8.99-ലെ കത്തുമുഖേന ആവശ്യപ്പെട്ടു. വസ്തുതകളെ സംബന്ധിക്കുന്ന വിശദമായ പരിശോധനകൾക്കു ശേഷം യൂണിയന് 18.12.99-ൽ കമ്പനി മറുപടി നൽകിയിട്ടുണ്ട്.

"റ്റി.റ്റി.പി.യിൽ കൂടുതൽ സാധനങ്ങൾ വാങ്ങി ഉപയോഗ ശൂന്യമായവയുടെ ലിസ്റ്റിൽ പെടുത്തി ലേലം ചെയ്യുന്ന നടപടി"

16 (3087) ശ്രീ. വി.ജെ. പൗലോസ് :

ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സിൽ ആവശ്യത്തിൽ കൂടുതൽ സാധനങ്ങൾ വാങ്ങി സ്റ്റോറിൽ സൂക്ഷിച്ചതിനുശേഷം പിന്നീട് ഇവ ഉപയോഗശൂന്യമായ സാധനങ്ങളുടെ ലിസ്റ്റിൽപ്പെടുത്തി ലേലം ചെയ്യുന്ന നടപടിയെ സംബന്ധിച്ചുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 1996 മുതലുള്ള കാലയളവിൽ ഈ ഇനത്തിൽ എന്തുനഷ്ടം സംഭവിച്ചിട്ടുണ്ട്;

(സി) ഇത് ആവർത്തിക്കാതിരിക്കാൻ എന്തു നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly